# ദീർഘക്ഷമയോടെ വാഗ്ദത്തം പ്രാപിക്കുക

## എബ്രായർ 6:15

"അങ്ങനെ അവൻ ദീർഘക്ഷമയോടിരുന്നു വാഗ്ദത്തവിഷയം പ്രാപിച്ചു."

ഇവിടെ വാഗ്ദത്തം പ്രാപിക്കുന്നതിനായി ദീർഘക്ഷമയോടെ കാത്തിരുന്ന അബ്രഹാമിനെ ദൈവം അനുഗ്രഹിച്ചതായി നാം കാണുന്നു. ഇന്നു നാം ആയിരിക്കുന്ന ലോകത്തിൽ ആരും ഒന്നിനു വേണ്ടിയും കാത്തിരിക്കാൻ തയ്യാറല്ലാത്തവരും സമയമില്ലാത്തവരുമാണ്. എല്ലാം അപ്പപ്പോൾ തന്നെ സാധിച്ചു കിട്ടണം എന്ന ആശയോടെ തിരക്കിട്ട ഓട്ടത്തിലാണ് എല്ലാവരും. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ പോലും, താൻ പ്രാർഥിക്കുക്കയും ആഗ്രഹിക്കുകയും ചെയ്യുന്ന കാര്യങ്ങൾ വേഗത്തിൽ തന്നെ ദൈവം നടത്തി തരേണമെന്ന് നാം ആഗ്രഹിക്കുന്നു. അവന്റെ വാഗ്ദത്തം മുറുകെ പിടിച്ചുകൊണ്ട് ക്ഷമയോടെ കാത്തിരിക്കാൻ ആരും തയ്യാറാവുന്നില്ല. ഉത്തരം ലഭിച്ചില്ലെങ്കിൽ പിറുപിറുക്കുകയും, പരാതിപ്പെടുകയും ദൈവവിശ്വാസം പോലും നഷ്ടപ്പെടുകയും ചെയ്യുന്നവരാണ് പലരും. എന്നാൽ വചനത്തിലുടനീളം നാം കാത്തിരുന്ന് വാഗ്ദത്തം പ്രാപിച്ച അനേകം വ്യക്തിത്വങ്ങളെ കാണുന്നുണ്ട്. അവർ വിശ്വാസത്തോടെ കാത്തിരുന്നു, സാക്ഷ്യവും പ്രാപിച്ചു.

അബ്രഹാമിന് തന്റെ നൂറാമത്തെ വയസ്സിലാണ് വാഗ്ദത്ത സന്തതിയെ ലഭിക്കുന്നത്. എന്നാൽ അവന്റെ വിശ്വാസം ചോർന്നു പോയില്ല. അതു പോലെ ജോസഫിന് തന്റെ ചെറുപ്രായത്തിൽ ലഭിച്ച വാഗ്ദത്തം നിവൃത്തി ആകേണ്ടതിന് 14 വർഷം കാത്തിരിക്കേണ്ടി വന്നു. അതു പോലെ തന്നെ നോഹ 120 വർഷം കാത്തിരുന്നു. എല്ലാം പെട്ടെന്ന് തന്നെ വേണമെന്നത് മനുഷ്യന്റെ ജീവിത വ്യഗ്രതയാണ്. എന്നാൽ ദൈവം തന്റെ സമയത്ത് സകലതും ചന്തവും ഉചിതവുമായി ചെയ്യുന്നവനാണ്. അവനായി വിശ്വാസത്തോടെ കാത്തിരിക്കുന്നവരെ അവൻ ഒരു നാളും കൈവിടില്ല. നമുക്ക് മുൻപ് അനേകർ ഇതു പോലെ പ്രത്യാശയോടെ കാത്തിരുന്നു, വാഗ്ദത്തങ്ങളെ പ്രാപിച്ചു. നമുക്കും ദൈവസന്നിധിയിൽ താണിരിക്കാം. നമ്മുടെ ആവശ്യങ്ങൾ എന്തു തന്നെയായാലും അവന്റെ കൈകളിൽ ഏൽപിക്കാം. അവനായി കാത്തിരുന്ന്, വിശ്വാസത്തിൽ വളരുകയും, പ്രത്യാശയിൽ ഉറയ്ക്കുകയും ചെയ്യാം. നമുക്ക് മുൻപ് മാതൃക കാണിച്ചു തന്ന വ്യക്തിത്വങ്ങളെ പോലെ ആയിത്തീരാൻ ശ്രമിക്കാം. ദൈവമേ എന്റെ ഹിതമല്ല, എന്റെ സമയത്തല്ല, എന്നാൽ നിന്റെ സമയത്ത് നിന്റെ ഹിതത്തിനായി കാത്തിരിക്കാനുള്ള ദീർഘക്ഷമയ്ക്കായി പ്രാർഥിക്കാം. വാഗ്ദത്തം തന്നവൻ വാക്കുമാറാത്തവനാണ് എന്ന് ഹൃദയത്തിൽ ഉറപ്പിയ്ക്കണം. നാം മറന്നാലും അവൻ നമ്മെ ഒരിക്കലും മറക്കില്ല.

എബ്രായർ 6:19 ൽ പറയുന്നു "ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നെ. അത് നിശ്ചയവും സ്ഥിരവും തിരശ്ശീലക്കകത്തേക്കു കടക്കുന്നതുമാകുന്നു."

അതുകൊണ്ട് വിശ്വാസത്തോടെ കാത്തിരിക്കാം, വാഗ്ദത്തങ്ങളെ പ്രാപിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

എബ്രായർ 6:12

അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും.

സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 035